"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് - അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ സൗജന്യ കുടിവെള്ള വിതരണം നടത്തിയതിന് ചെലവായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.162/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/01/2021**

പരാമർശം:- 1 നാഗലശ്ശേരി പഞ്ചായത്ത് ഭരണ സമിതിയുടെ 25/06/2019 ലെ 3(2) -ാം നമ്പർ തീരുമാനം.

2 നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/07/2019 ലെ എ2-4303/19 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 07.01.2020 ലെ PAN/11847/2019-G1(DP) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ സൗജന്യ കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ബഷീർ മാവത്തൊടി എന്നയാളുടെ ടെണ്ടർ പഞ്ചായത്തു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തുവെന്നും എന്നാൽ വ്യവസ്ഥകൾക്കു വിരുദ്ധമായി സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നും ശുദ്ധജലം ശേഖരിച്ച് വിതരണം നടത്തിയെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ശേഖരിക്കണമെങ്കിൽ പഞ്ചായത്തിൽ നിന്നും 7 കി . മീ ദൂരത്തിലാണ് പ്ലാന്റ് എന്നതിനാൽ ഇത് ജല നഷ്ടത്തിനും ശുദ്ധജല വിതരണത്തിന് കാലതാമസം സൃഷ്ടിക്കുമെന്നതാണ് കാരണമായി ചൂണ്ടിക്കാണിച്ചതെന്നും ആയതിനാൽ എഗ്രിമെന്റിന് വിരുദ്ധമായി സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നും ശുദ്ധജലം ശേഖരിച്ച് വിതരണം നടത്തിയതിന് ചെലവായ തുക പഞ്ചായത്തു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി പരാമർശം 1 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർ ശം 2 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടു. പരാമർ ശം 3 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ വിതരണത്തിനായി കുടിവെള്ളം സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നും ശേഖരിച്ചതായി പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ എഗ്രിമെന്റിന് വിരുദ്ധമായി സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നും ശുദ്ധജലം ശേഖരിച്ച് വിതരണം നടത്തിയതിന് ചെലവായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.21 11:06:37 IST
Reason: Approved